## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1108 — 05/03/2020-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ സ്കൂളുകളിൽ പ്രീ - പ്രൈമറി ആരംഭിക്കുന്ന നടപടി

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | മറുപടി<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ ഗവൺമെന്റ് സ്കൂളുകളിൽ ഹൈസ്കൂൾ തലത്തിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നത് തടയുന്നതിലേക്ക് എൽ.കെ.ജി, യു.കെ.ജി തലം സംസ്ഥാനത്തെ സ്കൂളുകളിൽ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; | (എ) ഈ ഒരവസ്ഥ ഇപ്പോൾ കേരളത്തിൽ ഇല്ലാത്തതിനാൽ നിലവിൽ പരിഗണനയിലില്ല. |
| (ബി) പ്രീ പ്രൈമറി സ്കൂളുകൾക്ക് 2012 വരെ ഓണറേറിയം സർക്കാർ നൽകിയിരുന്നുവെങ്കിലും ചട്ടങ്ങൾ ഇല്ലാത്തതിനാൽ ജില്ലാപഞ്ചായത്തിന് ഈ രംഗത്ത് ഇടപെടാൻ കഴിയാത്ത അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ;<br>(സി) പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പ്രീപ്രൈമറി സ്കൂൾ ആരംഭിക്കുവാൻ നിർദ്ദേശമുണ്ടെങ്കിലും അദ്ധ്യാപകർക്ക് ഓണറേറിയം നൽകുന്നതിന് ഇതുവരെയും പരിഹാരമുണ്ടാകാത്ത വിഷയം സർക്കാർ ഗൗരവമായി പരിശോധിക്കുമോ;<br>(ഡി) സംസ്ഥാനത്ത് തെരഞ്ഞെടുത്ത സർക്കാർ സ്കൂളുകളിലെങ്കിലും പ്രീപ്രൈമറി സ്കൂൾ ആരംഭിക്കുന്നതിന് ചട്ടങ്ങളിൽ വേണ്ട മാറ്റം വരുത്തുവാൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കുമോ? | (ബി), (സി) & (ഡി) സർക്കാർ വിദ്യാലയങ്ങളിൽ പി.റ്റി.എ.യുടെ കീഴിൽ 07-12-2012 ന മുൻപ് ആരംഭിച്ച പ്രീ-പ്രൈമറി ക്ലാസുകളിൽ പഠിപ്പിക്കുന്ന അധ്യാപകർക്കും ആയമാർക്കും സർക്കാർ ഓണറേറിയം നൽകി വരുന്നു. ചട്ടങ്ങൾ ഇല്ലാത്തതിനാൽ ജില്ലാ പഞ്ചായത്തിന് ഈ രംഗത്ത് ഇടപെടാൻ കഴിയാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Reen

സെക്ഷൻ ഓഫീസർ